**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 566** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>കണ്ണൂർ ജില്ലയിൽ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ്

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ ജില്ലയിൽ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കണ്ണൂർ ജില്ലയിലെ വൈദുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി പ്രസരണ മേഖലയിൽ Annual Plan-ൽ ഉൾപ്പെടുത്തി പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ, നിലവിലുള്ള സബ്സ്റ്റേഷൻ ശേഷി വർധിപ്പിക്കുന്ന പ്രവൃത്തികൾ, സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

ദ്യുതി-2 (2022-27), RDSS പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചുവരുന്നു. ദ്യുതി-3 (2027-2032)-ൽ ഉൾപ്പെടുത്താനുള്ള മൾട്ടി ഇയർ ഡിസ്ട്രിബ്യൂഷൻ പ്ലാൻ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. SCADA കണ്ണൂർ ടൗൺ പദ്ധതി ആവിഷ്ക്കരിച്ച് പ്രവൃത്തി പുരോഗമിക്കുന്നു.

**(ബി)** പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ ഉയർത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർധിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ചിലത് പരിഗണനയിലുണ്ട്. പുതുതായി സബ്സ്റ്റേഷനുകൾ ആവശ്യമായ സ്ഥലങ്ങൾ കണ്ടെത്തി അതിനുള്ള പരിശോധനാ നടപടികളും നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും കഴിയുന്നത്ര വേഗത്തിലാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**